# 'ദൈവവുമായി നിരന്തര ബന്ധത്തിലിരിക്കുക'

## സെഖര്യാവ് 7:9-10

''സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; നേരോടെ ന്യായം വിധിപ്പിൻ; അന്യോന്യം കരുണയും മനസ്സലിവും കാണിപ്പിൻ. വിധവയേയും അനാഥനെയും പരദേശിയെയും ദരിദ്രനെയും പീഡിപ്പിക്കരുത്. നിങ്ങളുടെ മനസ്സിൽ പരസ്പരം ദോഷം ചിന്തിക്കരുത്''

'നേരോടെ ന്യായം വിധിക്കുക' ഇത് എപ്രകാരം സാധിക്കും? ദൈവാനുസരണത്തിലൂടെ, അതിനു കാരണം ഈ വചനത്തിന്നു മുമ്പുള്ള വചനഭാഗത്ത് നമുക്ക് കാണുവാൻ കഴിയും - യഹോവ ജനത്തോട് അരുളിച്ചെയ്യുന്നത്, പണ്ടത്തെ പ്രവാചകന്മാർ മുഖാന്തിരം അരുളിച്ചെയ്തിരുന്ന യഹോവയുടെ വചനം നിങ്ങൾ കേട്ടനുസരിക്കേണ്ടതല്ലയോ? അപ്പോൾ അവിടെ വ്യക്തമായ ഒരു അനുസ്സരണക്കേടിലേക്കാണ് ദൈവം വിരൽ ചൂണ്ടുന്നത്. ദൈവത്തെ പ്രസാദിപ്പിക്കേണ്ടതിന് അവർ കരയുകയും ഉപവസിക്കുകയും വേണമോ എന്നു പുരോഹിതന്മാരോടും പ്രവാചകന്മാരോടും ആലോചന ചോദിക്കുകയാണിവിടെ. അതിന്നു, വാസ്തവത്തിൽ എനുക്കു വേണ്ടി തന്നെയോ നിങ്ങൾ ഉപവസിച്ചത് എന്ന് ദൈവം അവരോട് ചോദിക്കുന്നു. ഇവിടെ ജനം ദൈവത്തെ അനുസ്സരിക്കാതെ തങ്ങളുടെ ഇച്ഛക്കനുസരിച്ചാണ് ജീവിച്ചു വന്നത്. അവിടെയാണ് ദൈവം അവരെ ഉപദേശിക്കുന്നത്, നിങ്ങൾ ഒരു ആചാരമോ അനുഷ്ഠാനമോ ഉണ്ടാക്കി എന്നെ പ്രസാദിപ്പിക്കുന്നതിലും നന്ന് ഞാനുമായി ഒരു ബന്ധം സ്ഥാപിക്കുകയാണ്, കാരണം അവർ വെറുതെ അചാരാനുഷ്ഠാനങ്ങൾ നടത്തി പോകുന്നതല്ലാതെ വാസ്തവത്തിൽ ഈ ദൈവത്തെ ഒന്നു അറിയുവാനോ അവനുമായി ഒരു ബന്ധം സ്ഥാപിക്കുവാനോ ഒന്നും ശ്രമിച്ചിട്ടില്ല. അതു തന്നെയാണ് ദൈവത്തിന്നു ഇഷ്ടമില്ലാത്തത്, കാരണം അവൻ നമ്മെ തന്റെ മക്കളാക്കുവാൻ ശ്രമിക്കുമ്പോൾ നാം അവനെ നമ്മിൽ നിന്ന് എത്രത്തോളാം അകറ്റി നിർത്താമോ അത്രത്തോളം അകറ്റി നിർത്തുവാനാണ് നോക്കുന്നത്.

ഇന്ന് നമ്മുടെ ജീവിതത്തിലേക്കും നോക്കിക്കഴിഞ്ഞാൽ ഇതു തന്നെയാണ് നാം കാണുക. നാമെല്ലാം പള്ളിയിൽ പോകുന്നവരെന്നും, പ്രാർത്ഥിക്കുന്നവരെന്നും നമ്മെ തന്നെ എണ്ണുമ്പോൾ നാം നമ്മെ തന്നെ ശോധന ചെയ്തു നോക്കണം, നമ്മെ അറിയുന്ന ദൈവത്തെ നാം വാസ്തവത്തിൽ അറിയുന്നുണ്ടോ എന്ന്. അവൻ നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതൊന്നും നാം ഇതു വരെയും ചെയ്തിട്ടില്ല. എല്ലാ ആഴ്ചകളിലും പള്ളിയിൽ പോയത് കൊണ്ടോ അല്ലെങ്കിൽ എന്നും മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചതുകൊണ്ടോ മാത്രം കാര്യമായില്ല. നമ്മുടെ ഹൃദയം ദൈവസന്നിധിയിൽ

പകരാൻ നാം തയ്യാറാവണം. അതു എന്നു ദൈവത്തിനായിട്ടു നാം സമർപ്പിക്കുന്നുവോ അന്നു മാത്രമേ ദൈവത്തിനു നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. ഇല്ലായെങ്കിൽ നാം വെറുതെ അചാരാനുഷ്ഠാനകരായി മാറ്റപ്പെട്ടു പോകും. വാസ്തവത്തിൽ ആരാധനക്കു പോകുമ്പോഴോ, ആരാധനാലയങ്ങളിൽ ആയിരിക്കുമ്പോഴോ നമുക്ക് ദൈവസന്നിധിയിൽ ആണെന്ന് പറയാൻ സാധിക്കും. അത് ഒരു പക്ഷെ മറ്റുള്ളവർ നമ്മെ കാണുമ്പോൾ എന്തു വിചാരിക്കും എന്ന തോന്നലിൽ ആയിരിക്കും നാം ഭക്തരെന്ന് നടിക്കുന്നത്. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് നീ ഇന്ന് ആരാധന കഴിഞ്ഞ് ഈ ലോകവുമായുള്ള ബന്ധത്തിൽ ആയിരിക്കുമ്പോൾ എത്രത്തോളം അവനുമായി ഒരു ബന്ധത്തിൽ ആയിരിപ്പാൻ ശ്രമിക്കുന്നു എന്നാണ്.

വചനത്തിന്റെ അടുത്തഭാഗത്തേക്ക് പോകുമ്പോൾ അവിടെ അന്യോന്യം കരുണയും മനസ്സലിവും കാണിപ്പിൻ. വിധവയേയും അനാഥനെയും പരദേശിയെയും ദരിദ്രനെയും പീഢിപ്പിക്കരുത്. നിങ്ങളുടെ മനസ്സിൽ പരസ്പരം ദോഷം ചിന്തിക്കരുത് എന്നുള്ള ഉപദേശവും കാണുന്നു. ഇവിടെ ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത് നമ്മുടെ സ്വാർത്ഥമായ മനസ്സ് മാറ്റി മറ്റുള്ളവർക്കും കൂടി ജീവിക്കുവാനായിട്ടാണ്. എന്തിനും ഏതിനും 'ഞാൻ' അല്ലെങ്കിൽ 'എന്റെ' എന്നുള്ള ഒരു ചിന്ത മാത്രമായിട്ടാണ് ഇന്നു ലോകം മുമ്പോട്ട് പോകുന്നത്. എന്നാൽ നാം ഇവിടെ ആയിരിക്കുന്നതിന്റെ ഉദ്ദേശ്യമെന്നു പറയുന്നത് തന്നെ, ദൈവത്തിന്റെ പദ്ധതി എന്നിലൂടെ ദൈവം നിറവേറ്റാൻ ആഗ്രഹിക്കുന്നതു കൊണ്ടാണെന്നുള്ള ഒരു ബോധം നമുക്ക് ഉണ്ടായിരിക്കേണം. അങ്ങനെയെങ്കിൽ നമുക്ക് അന്യരെ സ്നേഹിക്കുവാനും, പരദേശിയെയും, അനാഥനെയും, വിധവയെയും സംരക്ഷിപ്പാനും പരസ്പരം ദോഷം ചിന്തിക്കാതെ എല്ലാവരേയും സ്നേഹിക്കുവാനും അവരെ ചേർത്തുകൊള്ളുവാനും കഴിയും. ഒരുവന്റെ ഇല്ലയ്മയെയോ അല്ലെങ്കിൽ ആവശ്യത്തെയോ നിറവേറ്റുന്നതിൽപരം ഉപകാരം വേറെ ഒന്നില്ല. അത് ദൈവമക്കളുടെ ഒരു ഉത്തരവാദിത്തമായിട്ട് കണക്കാക്കണം. അതു സാധ്യമാകുന്നതോ നാം ദൈവവുമായി നിരന്തരം ബന്ധത്തിൽ ആകുന്നതു മൂലം മാത്രം. അങ്ങനെയെങ്കിൽ ദൈവവുമായി നിരന്തരം ബന്ധത്തിൽ ആയിരിക്കുന്നത് ഓരോ ദൈവപൈതലിനെയും സംബന്ധിച്ച് മറ്റെന്തിലും വലിയ കാര്യമാണ്. തന്റെ ജീവിതത്തിൽ ഏറ്റവും പരമപ്രധാനമായ സ്ഥാനം കൊടുക്കേണ്ടത് അതിനു വേണ്ടിയാണ്. അതു സാധിക്കുന്നതോ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവത്തിന്റെ അതിപരിശുദ്ധ റൂഹാ മുഖേനയും. ഇന്നു ഈ നിമിഷം, നമ്മെ തന്നെ ഒന്നു ശോധന ചെയ്യാം എന്റെ പ്രാർത്ഥനകൾ, ഉപവാസം, ആരാധന ഇതെല്ലം വെറുതെ എന്റെ ജീവിതത്തിൽ ഒരു ആചാരാനുഷ്ഠാനമായി മാത്രം ചെയ്യുകയാണോ മറിച്ച് ദൈവവുമായുള്ള നിരന്തരമായ

ബന്ധത്തിൽ നിന്നു ഉടലെടുത്തു വരുന്ന ഒരു ആഗ്രഹമാണോ എന്നെ അതിലേക്ക് നയിക്കുന്നത്.?

ദൈവത്തിന്റെ അതിപരിശുദ്ധ റൂഹാ നമ്മെ ഓരോരുത്തരേയും അതിനായി സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :
യെശയ്യാവ് 1:17

"ഞാൻ വിളിച്ചപ്പോൾ അവർ കേട്ടില്ല; അത് കൊണ്ട് അവർ വിളിക്കുമ്പോൾ ഞാനും കേൾക്കയില്ല എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു."

ബ്രദർ ബിനു ബേബി ആലപ്പുഴ 037